MALAYALA MANORAMA 30/03/2021



# പ്രസംഗ മത്സരം; ഹരികൃഷ്ണന് ഒന്നാം സ്ഥാനം

എടത്തല: അൽ- അമീൻ കോളജിലെ ആദ്യ പ്രിൻസിപ്പൽ പ്രഫ. അലിക്കുഞ്ഞ് എൻഡോവ്മെൻറ്, മലയാള പ്രസംഗ മത്സരത്തിൽ ഒന്നാം സമ്മാനം തിരുവനന്തപുരം കാര്യവട്ടം ഗവ കോളജ് വിദ്യാർഥി ആർ.എസ്. ഹരികൃഷ്ണൻ നേടി. രണ്ടാം സമ്മാനം തേവര എസ്.എച്ച്.കോളജിലെ എബി ജോണും മൂന്നാം സമ്മാനം തൊടുപുഴ ന്യൂമാൻ കോളജ് വിദ്യാർഥിനി സോന സബിയും നേടി. വിജയികൾക്ക് ഗായകൻ അഫ്സൽ സമ്മാനങ്ങൾ വിതരണം ചെയ്തു. യോഗം അഫ്സൽ ഉദ്ഘാടനം ചെയ്തു. അലുമിനി അസോസിയേഷൻ പ്രസിഡൻറ് സി.എ.നാസർ അധ്യക്ഷത വഹിച്ചു. കോളജ് പ്രിൻസിപ്പൽ ഡോ. സിനി കുര്യൻ, മാനേജർ ഡോ: ജുനൈദ് റഹ്മാൻ, അലുമ്നി ആക്ടിങ്ങ് സെക്രട്ടറി ഇ.അബ്ദുൽ കലാം, പി.എസ്.അബ്ദുൽ സലാം, മൊയ്തീൻ എന്നിവർ സംസാരിച്ചു.

പ്രഫ. അലിക്കുഞ്ഞ് എൻഡോവ്മെൻറ് മലയാളം പ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ആർ.എസ്.ഹരികൃഷ്ണന് ഗായകൻ അഫ്സൽ സമ്മാനം നൽകുന്നു